Draft #94 of File 153533/AD A3-3/2021/AD A 3 Approved by Registrar on 19-May-2026 12:04 PM - Page 1

**മഹാത്മാഗാന്ധി സർവകലാശാല, കേരളം**

നം.153533/AD A3-3/2021/എ ഡി എ 3 തീയതി: 19.05.2026

**വിജ്ഞാപനം**

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബയോസയൻസസിൽ വെറ്ററിനേറിയൻ തസ്തികയിലേക്ക് ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ താത്കാലിക നിയമനത്തിനായി അപേക്ഷകൾ ക്ഷണിക്കുന്നു.

**വേതനം** : ₹35,000/- രൂപ പ്രതിമാസ വേതനം.

**ഒഴിവുകൾ** : 1 (ഒന്ന്)

**യോഗ്യത** : വെറ്ററിനറി സയൻസസിൽ ബിരുദവും, കേരള വെറ്ററിനറി കൗൺസിലിന്റെ അംഗീകാരമുള്ള ഡോക്ടർമാർക്കും, റിട്ടയർ ചെയ്ത വെറ്ററിനറി ഡോക്ടർമാർക്കും അപേക്ഷിക്കാം.

താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ ബയോഡേറ്റയും താഴെപ്പറയുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ, സ്കാൻ ചെയ്ത PDF രൂപത്തിലുള്ള പകർപ്പുകൾ സഹിതം 30.05.2026 തീയതിക്കകം soada3@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലേക്ക് അപേക്ഷ അയക്കേണ്ടതാണ്.

**ബയോഡേറ്റയിൽ ഫോൺ നമ്പർ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.**

1) പേര്, വയസ്സ്, വിദ്യാഭ്യാസ യോഗ്യത (മാർക്ക് ലിസ്റ്റുകൾ ഉൾപ്പെടെ) എന്നിവ സ്ഥിരീകരിക്കുന്ന സർട്ടിഫിക്കറ്റുകൾ.
2) കേരള വെറ്ററിനറി കൗൺസിലിന്റെ അംഗീകാരം സ്ഥിരീകരിക്കുന്ന സർട്ടിഫിക്കറ്റ്.
3) തൊഴിൽ പരിചയ സർട്ടിഫിക്കറ്റ്.
4) തിരഞ്ഞെടുപ്പ് തിരിച്ചറിയൽ/ആധാർ കാർഡ്.

മേൽപ്പറഞ്ഞ തീയതിക്ക് ശേഷം ലഭിക്കുന്നതും അപാകതകൾ ഉള്ളതുമായ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുന്നവരെ ഇ-മെയിൽ മുഖാന്തരം അഭിമുഖ തീയതി പിന്നീട് അറിയിക്കുന്നതാണ്. പ്രസ്തുത തിരഞ്ഞെടുപ്പ് താത്കാലികവും സ്ഥിര നിയമനത്തിന് നിയമാനുസൃതം അർഹതയില്ലാത്തതുമാണ്.

ഫോൺ നം : 0481-2733240

**ഡോ.ബിസ്മി ഗോപാലകൃഷ്ണൻ**
രജിസ്ട്രാർ